

# അബൂബദ്ർ
# ഇസ്‌ലാമിക പ്രതിബദ്ധതയുടെ ആൾരൂപം

ടി.കെ. ഇബ്‌റാഹീം

**ശൈഖ്** യൂസുഫുൽ ഖറദാവി എഴുതിയ പോലെ ചില മനുഷ്യർ ഭൂമിക്ക് ഭാരമാവുന്നു; അവരുടെ വിനകളും അക്രമങ്ങളും കൊണ്ട് ഭൂമി വീർപ്പുമുട്ടുന്നു, അവരുടെ അന്തർധാനത്തിൽ ഭൂമി ആശ്വാസത്തിന്റെ നെടുവീർപ്പിടുന്നു. 'ആകാശഭൂമികൾ അവർക്കു വേണ്ടി കണ്ണീർ പൊഴിക്കില്ല' (ഖുർആൻ 44:29).

മറ്റൊരു വിഭാഗം മനുഷ്യർ ഭൂമിക്ക് അനുഗ്രഹമാകുന്നു; അവരുടെ സുകൃതങ്ങളുടെ, മഹദ് ഗുണങ്ങളുടെ മരതകകാന്തിയിൽ ഭൂമി മുങ്ങിനിൽക്കുന്നു... അവരുടെ വിയോഗത്തിൽ ആകാശഭൂമികൾ വിലപിക്കുന്നു, മനുഷ്യർ നഷ്ടബോധത്താൽ വിതുമ്പുന്നു, ഹൃദയങ്ങൾ വേപഥു കൊള്ളുന്നു, നാവുകൾ അവരുടെ നന്മകൾ പ്രകീർത്തനം ചെയ്യുന്നു, മാലാഖമാർ അവരെ വരവേറ്റ് കൊണ്ടുപോകുന്നു, സ്വർഗലോകത്തേക്ക് അകമ്പടി സേവിക്കുന്നു.

അബൂബദ്റിന്റെ വിലാപകവി പാടിയത് എത്ര അന്വർഥം:

وداعا ايها الشيخ المغادر　　الى أخراه محمود المـــآثر
وتركتنا على الأيام نروي　　حديثا عنه للأجيال صائر

(പൈതൃക പെരുമകളുമായി പരലോകത്തേക്ക് വിടചൊല്ലിയ ശൈഖ്, അങ്ങേക്ക് അന്ത്യവിട! തലമുറകൾക്ക് പറയാനുള്ള കഥകൾ ബാക്കിയാക്കി അദ്ദേഹം നമ്മെ കടന്നുപോയി).

മറ്റൊരു കവി:

لعمرك ما الرزية فقد مال　　ولا شاة تموت ولا بعير
ولــكن الـرزية فقد حر　　يموت لموته خلق كـثير

(ധനനഷ്ടമോ മാടൊട്ടകങ്ങളുടെ ചത്തൊടുങ്ങലോ അല്ല ദുര്യോഗം. ധന്യ പുരുഷന്റെ വിയോഗമാകുന്നു ദുര്യോഗം. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഒരുപാട് പേർ മൃതിയടയുന്നു).

ശൈഖ് ഖറദാവി പറയട്ടെ: സന്മാർഗികൾക്ക് പ്രകാശവും ദുർമാർഗികൾക്ക് തീജ്ജ്വാലയും പ്രവഹിച്ചിരുന്ന ആ ജ്വലിക്കുന്ന ദീപം പൊലിഞ്ഞു.....

അറുപതു വർഷമായി ഉദാരമായി ഒഴുകിയിരുന്ന ആ നിതാന്ത സ്രോതസ്സ് വറ്റി...

അബൂബദ്ർ മരിച്ചു; എന്നാലദ്ദേഹം മരിച്ചില്ല. ലോകത്തോട് വിട പറഞ്ഞു; എന്നാൽ വിട പറഞ്ഞില്ല. തന്റെ പാദമുദ്രകൾ, സദ്ഗുണങ്ങൾ, സുകൃതങ്ങൾ, വൈജ്ഞാനിക-ധൈഷണിക സേവനങ്ങൾ, കിഴക്കോ പടിഞ്ഞാറോ നോക്കാതെ ഇസ്‌ലാമിക ലോകത്തിന്റെ എല്ലാ ഭാഗത്തേക്കും ഒഴുകിപ്പരന്ന ഉദാരത- ഇവയിലൂടെ അദ്ദേഹം ജീവിക്കുന്നു. ആ സുകൃതങ്ങൾ ജനമനസ്സുകളിൽ അദ്ദേഹത്തിന്റെ സ്മരണ അനശ്വരമാക്കുന്നു. അദ്ദേഹത്തിന്റെ നിർണിത ജീവിതായുസ്സിലേക്ക് കൂടുതൽ കൂടുതൽ ആയുസ്സുകൾ എഴുതിച്ചേർക്കുന്നു. കവികളുടെ രാജകുമാരൻ അഹ്മദ് ശൗഖി പറഞ്ഞ പോലെ:

دقـــات قلـب المرء قائلة له　　انّ الحياة دقائق وثـــوان
فارفع لنفسك قبل موتك ذكرها　　فالذكر للانسان عمر ثان

(മനുഷ്യന്റെ നാഡിമിടിപ്പുകൾ അവനോട് പറയുന്നു; ജീവിതം മിനിറ്റുകളും സെക്കന്റുകളുമാണ്. മരണമെത്തും മുമ്പ് നീ നിന്റെ സൽപേര് ഉയർത്തുക. സൽപേര് മനുഷ്യന്റെ രണ്ടാം ആയുസ്സാകുന്നു).

അബൂബദ്ർ എന്നും അമ്മ് അബൂബദ്ർ എന്നുമുള്ള അപരനാമങ്ങളിൽ

അറിയപ്പെട്ടിരുന്ന അബ്ദുല്ല അലിയ്യുൽ മുത്വവ്വയുടെ വിയോഗത്തിലൂടെ അക്ഷരാർഥത്തിൽതന്നെ നികത്താനാവാത്ത നഷ്ടമാണ് ലോകമുസ്‌ലിം സമൂഹം സഹിച്ചത്. 'ഇരുപതാം നൂറ്റാണ്ടിലെ 100 മുസ്‌ലിം വിശിഷ്ട വ്യക്തിത്വങ്ങളിൽ' ഒരാളായി അദ്ദേഹം എണ്ണപ്പെട്ടത് (Institute of Objective Studies, New Delhi 2005) അദ്ദേഹത്തിന്റെ മഹത്വം വിളിച്ചോതുന്നു.

** ** **

കഴിഞ്ഞ വർഷം സെപ്റ്റംബർ ആദ്യത്തിൽ ഈ ലേഖകൻ കുവൈത്തിലായിരുന്നു. അബൂബദ്റിനെ കാണലായിരുന്നു പ്രധാന ഉദ്ദേശ്യം. അദ്ദേഹം മക്കയിലായിരുന്നു. ഫോൺ ചെയ്തപ്പോൾ ദിവസങ്ങൾക്കകം തിരിച്ചെത്തുമെന്ന് പറഞ്ഞു. കുവൈത്തിലെത്തിയപ്പോൾ വീണ്ടും ഫോൺ ചെയ്ത് ഉറപ്പുവരുത്തി. സെപ്റ്റംബർ 4-ന് പ്രഭാത നമസ്കാരത്തിന് അദ്ദേഹത്തിന്റെ പള്ളിയിൽ വെച്ച് കാണാനായിരുന്നു പരിപാടി.... സെപ്റ്റംബർ 3-ന് ഏതാണ്ട് 11 മണിക്ക് ശൗക്കത്ത് കൊറോത്തിന്റെ ഫോൺ: 'അബൂബദ്റിനെ കണ്ടോ?' 'ഇല്ല'. 'നഷ്ടം, മഹാ നഷ്ടം. വീണ്ടെടുക്കാനാവാത്ത നഷ്ടം...' അന്ന് പ്രഭാതത്തിൽ അദ്ദേഹത്തെ കാണാത്തതിൽ എന്നെ പഴിച്ചുകൊണ്ട് ശൗക്കത്ത് പറഞ്ഞുകൊണ്ടേയിരുന്നു. 'എന്തു പറ്റി?' 'അദ്ദേഹം അൽപ നിമിഷങ്ങൾക്ക് മുമ്പ് മരിച്ചു.' ശൗക്കത്ത് ഫോൺ വെച്ചപ്പോൾ ഇതികർത്തവ്യതാ മൂഢനായി സ്തംഭിച്ചുനിന്നുപോയി.... നാൽപത്തിയഞ്ച് വർഷം മുമ്പ് കോഴിക്കോട്ട് വെച്ച് ജമാഅത്തെ ഇസ്‌ലാമി കേരളാ മുൻ അമീർ വി.പി മുഹമ്മദലി സാഹിബിന്റെ മരണവൃത്താന്തം സൃഷ്ടിച്ച അതേ സ്തംഭനം (രണ്ടും ആകസ്മിക മരണമാണല്ലോ).

പിറ്റേ ദിവസം ജനാസക്കെത്തി. അദ്ദേഹത്തിന്റെ അന്ത്യയാത്രയിൽ പങ്കാളിയായി. തിരക്കിലൂടെ കയറി മൂന്ന് പിടി മണ്ണ് വാരി ഖബ്റിലേക്കിട്ടപ്പോൾ ഒപ്പം വേദനയും ചാരിതാർഥ്യവും- വേർപാടിന്റെ വേദന, അന്തിമയാത്രയിൽ ഒത്തുകൂടാൻ കഴിഞ്ഞതിൽ ചാരിതാർഥ്യം. ജനപ്രവാഹത്തിലൊഴുകി തിരിച്ചുപോന്നു.

## ഇമാം ബന്നായുമായുള്ള കൂടിക്കാഴ്ച

1946-ൽ യുവാവായ അബ്ദുല്ല അൽ മുത്വവ്വക്ക് ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും ശക്തവും സ്വാധീനമുള്ളതുമായ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ, ഇഖ്വാനുൽ മുസ്‌ലിമൂന്റെ സ്ഥാപക നേതാവും നവോത്ഥാന നായകനുമായ ഇമാം ഹസനുൽ ബന്നായുമായി സന്ധിക്കാൻ ഭാഗ്യമുണ്ടായി. കൂടെ സഹോദരൻ അബ്ദുൽ അസീസ് മുത്വവ്വയുമുണ്ടായിരുന്നു. ഇരുവരും ഇമാം ബന്നായെ മക്കയിലും മദീനയിലും പിന്തുടർന്നു. അദ്ദേഹത്തിന്റെ വിജ്ഞാനവും വിവേകവും തുളുമ്പുന്ന പ്രഭാഷണങ്ങൾ ശ്രവിച്ചു. 'ഇസ്‌ലാമിന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുകയും സമുദായത്തെ സുഷുപ്തിയിൽനിന്ന് ഉണർത്തുകയും ചെയ്യാൻ പ്രാപ്തനാക്കുന്ന നേതൃപരമായ ഗുണവിശേഷങ്ങളുടെ ഉടമയെയാണ് ഞാൻ ഇമാം ബന്നായിൽ കണ്ടത്'- പിൽക്കാലത്ത് അബൂബദ്ർ അനുസ്മരിച്ചു. അദ്ദേഹം അവർക്ക് രണ്ട് ഗ്രന്ഥങ്ങൾ പാരിതോഷികമായി കൊടുത്തു. ഒന്ന്, ഫ്രഞ്ച് ഗ്രന്ഥകാരനായ ഗോസ്താഫ് ലോ ബോന്റെ 'അറബ് സംസ്കാരം' എന്ന ഗ്രന്ഥം. അറബ്-ഇസ്‌ലാമിക സംസ്കാര-നാഗരികതകളെ പുകഴ്ത്തുന്ന സചിത്ര ഗ്രന്ഥമായിരുന്നു അത്. അത് ലഭിച്ചത് ജ്യേഷ്ഠനാണ്. 'ഹിജാസ് യാത്ര' എന്ന രണ്ടാമത്തെ ഗ്രന്ഥമാണ് അബൂബദ്റിന് ലഭിച്ചത്. ഇസ്‌ലാമിക സാഹോദര്യത്തിനാഹ്വാനം ചെയ്തും വിശുദ്ധ ഹറമുകളിലെ അനുഗൃഹീത സംഗമത്തെ എടുത്തുപറഞ്ഞും ചില വാചകങ്ങൾ സ്വന്തം കൈപ്പടയിലെഴുതി ഇമാം ബന്നാ ഗ്രന്ഥം അദ്ദേഹത്തിന് കൊടുത്തു. അതിലദ്ദേഹം (ഇമാം ബന്നാ) ഒപ്പുവെച്ചു. അറുപതു വർഷത്തിനു ശേഷം അദ്ദേഹത്തിന്റെ പുത്രൻ സൈഫുൽ ഇസ്‌ലാം ബന്നാ കുവൈത്ത് സന്ദർശിച്ചതായി അബൂബദ്ർ അനുസ്മരിക്കുകയുണ്ടായി. അദ്ദേഹം ഇതേവരെ സൂക്ഷിച്ചുപോന്നിരുന്ന ഇമാം ബന്നായുടെ പാരിതോഷിക ഗ്രന്ഥത്തിൽനിന്ന് അദ്ദേഹത്തിന്റെ ഒപ്പും സമർപ്പണവും ഗ്രന്ഥനാമവുമടങ്ങുന്ന പേജുകൾ സൈഫുൽ ഇസ്‌ലാം ഫോട്ടോ എടുത്ത് കൊണ്ടുപോയെന്ന് അബൂബദ്ർ പറഞ്ഞു.

ഇഖ്വാനുമായുള്ള അദ്ദേഹത്തിന്റെ പ്രാസ്ഥാനിക-ആത്മീയ ബന്ധം അഭംഗുരം തുടർന്നു. ഇഖ്വാൻ നേതാക്കളും പണ്ഡിതന്മാരും പ്രവർത്തകരും അദ്ദേഹത്തെ അനുസ്യൂതം സന്ദർശിക്കും. കവിഞ്ഞ ബഹുമാനാദരങ്ങളോടെ, സ്നേഹവായ്പോടെ, ഊഷ്മള സാഹോദര്യ വികാരത്തോടെ അദ്ദേഹമവരെ സ്വീകരിക്കും, അവരുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കും, അവരുടെ ഉപദേശങ്ങൾ കേൾക്കും, അഭിപ്രായ വിനിമയങ്ങൾ നടത്തും.

ഇഖ്വാനുൽ മുസ്‌ലിമൂന്റെ കുവൈത്ത് പതിപ്പെന്ന് വിശേഷിപ്പിക്കാവുന്ന 'ജംഇയ്യത്തുൽ ഇസ്‌ലാഹിൽ ഇജ്തിമാഈ' (സാമൂഹിക പരിഷ്കരണ സംഘടന) സ്ഥാപിച്ചുകൊണ്ട് അബൂബദ്ർ കുവൈത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് അടിത്തറ പാകി. അതിന്റെ മേൽനോട്ടത്തിൽ ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഏക ജിഹ്വ (വിശിഷ്യാ അറബിയിൽ) എന്ന് വിശേഷിപ്പിക്കാവുന്ന *അൽ മുജ്തമഅ്* വാരികയും അദ്ദേഹം സ്ഥാപിച്ചു. ആ രണ്ട് മാർഗങ്ങളുമുപയോഗിച്ച് കുവൈത്തിലെ സെക്യുലറിസ്റ്റുകൾക്കും ഇസ്‌ലാംവിരുദ്ധശക്തികൾക്കുമെതിരെ അദ്ദേഹം പൊരുതി. എല്ലാ മേഖലകളിലും കുവൈത്തിനെ ഇസ്‌ലാമികവത്കരിക്കാൻ പ്രയത്നിച്ചു. കുവൈത്തിൽ ഇന്ന് കാണുന്ന ഇസ്‌ലാമിക സ്വാധീനത്തിന്റെ പ്രധാന കാരണം ആ സംരംഭങ്ങളാണ്. ശൈഖ് ഖറദാവി പറഞ്ഞപോലെ, ഇസ്‌ലാംവിരുദ്ധ ശക്തികൾക്ക് അബൂബദ്ർ ഇടിത്തീ ആയിരുന്നു. സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ ഒട്ടേറെ പരിഷ്കരണങ്ങൾക്ക് അദ്ദേഹം അടിത്തറയിട്ടു. സെക്യുലറിസ്റ്റ്-സോഷ്യലിസ്റ്റ് പ്രവണതകളുടെ പ്രവാഹത്തിനെതിരെ ശക്തമായ അണകെട്ടി.

വിയോഗത്തിന്റെ ഏതാനും മാസങ്ങൾക്കു മുമ്പ് തന്റെ ഇഖ്വാൻ ബാന്ധവത്തിന്റെ ശാശ്വത സ്മാരകമായി ഒരു മഹാ പദ്ധതിക്ക് അദ്ദേഹം രൂപം കൊടുത്തു. ദശലക്ഷക്കണക്കിൽ ദീനാറുകൾ ചെലവഴിച്ച് കുവൈത്തിൽ കുറേ ബ്ലോക്കുകൾ പണിത് അത് ഇഖ്വാന് വഖ്ഫ് ചെയ്യുകയായിരുന്നു പദ്ധതി. അദ്ദേഹത്തിനത് സാക്ഷാത്കരിച്ചുകാണാൻ സാധ്യമായില്ലെങ്കിലും പദ്ധതി ഉദ്ദിഷ്ട പ്ലാനനുസരിച്ച് പുരോഗമിക്കുന്നുണ്ട്.

## മറ്റു ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ

ഇഖ്വാനോട് മാത്രമല്ല ലോകത്തെ മറ്റു ഇസ്‌ലാമിക പ്രസ്ഥാനങ്ങളോടും സംഘടനകളോടും അദ്ദേഹം അടുത്ത ബന്ധം പുലർത്തിയിരുന്നു. അവയുടെ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക പ്രശ്നങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചിരുന്നു.

ഇഖ്വാനുൽ മുസ്‌ലിമൂനെ കഴിച്ചാൽ ലോകത്തെ ഏറ്റവും ശക്തവും ബഹുജന സ്വാധീനമുള്ളതുമായ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അതിന്റെ സ്ഥാപക നേതാവും യുഗപരിഷ്കർത്താവുമായിരുന്ന സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി(റ)യുമായും അദ്ദേഹം സ്നേഹോഷ്മളമായ ബന്ധം പുലർത്തി. പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങളും ഗതിവിഗതികളും, വിശിഷ്യാ രാഷ്ട്രീയ രംഗം അദ്ദേഹത്തിന്റെ പ്രത്യേക ശ്രദ്ധാവിഷയമായിരുന്നു. വലിയ ബഹുമാനാദരങ്ങളോടെയാണ് അദ്ദേഹം ജമാഅത്ത് നേതാക്കളെ

സ്വീകരിച്ചിരുന്നത്. മറ്റു രാജ്യങ്ങളിലെ ജമാഅത്ത് പ്രവർത്തനങ്ങളുമായും അദ്ദേഹം അടുത്ത സമ്പർക്കം പുലർത്തുകയും സഹായ സഹകരണങ്ങൾ നൽകുകയും ചെയ്തുപോന്നു.

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മുൻ അമീർ മുഹമ്മദ് യൂസുഫ് സാഹിബും അദ്ദേഹവും തമ്മിൽ അടുത്ത സുഹൃദ്ബന്ധമുണ്ടായിരുന്നു. ഇരുവരും മുസ്‌ലിം വേൾഡ് ലീഗിൽ അംഗങ്ങളായിരുന്നത് അവരുടെ ബന്ധം ശക്തമാവാൻ സഹായകമായി.

കഴിഞ്ഞ മാർച്ചിൽ അമീറെ ജമാഅത്ത് ഡോ. അബ്ദുൽ ഹഖ് അൻസാരിയുടെ സന്ദർശനവേളയിൽ ഇന്ത്യൻ ജമാഅത്തിനോടുള്ള അദ്ദേഹത്തിന്റെ ആഭിമുഖ്യം ആഴത്തിൽ പ്രകടമായി. സെക്രട്ടറി പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹിബും ഈ ലേഖകനും ആ യാത്രയിൽ കൂടെയുണ്ടായിരുന്നു. വൻ സ്വീകരണമാണ് അമീറിന് അദ്ദേഹം നൽകിയത്. അമീറിന്റെ ബഹുമാനാർഥം കുവൈത്തിലെ പ്രമുഖ വ്യക്തിത്വങ്ങളെയും പണ്ഡിതശ്രേഷ്ഠരെയും പങ്കെടുപ്പിച്ച് വിരുന്ന് സൽക്കാരം ഏർപ്പെടുത്തി. അദ്ദേഹത്തിന്റെ ഓഫീസിൽ വെച്ച് സംസാരമധ്യേ ഒരു ഘട്ടത്തിൽ അമീറിനോട് അദ്ദേഹം പറഞ്ഞു: 'എന്നെ ജമാഅത്തിലെ അംഗമായി കരുതിക്കൊള്ളുക.'

കേരള ജമാഅത്തെ ഇസ്‌ലാമി അമീർ ടി. ആരിഫലി സാഹിബിനെയും അദ്ദേഹം ആദരപൂർവം സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്യുകയുണ്ടായി.

കുവൈത്തിലെ എല്ലാ വൃത്തങ്ങളിലും അദ്ദേഹം ആദരിക്കപ്പെട്ടിരുന്നു. ശൈഖ് ഖറദാവി പറയുകയുണ്ടായി: "കുവൈത്തിൽ സലഫികളും സ്വൂഫികളും മദ്ഹബുകാരും മദ്ഹബേതരരും ദേശീയവാദികളും മതനിരപേക്ഷകരും ലിബറലിസ്റ്റുകളും മാർക്സിസ്റ്റുകളും എല്ലാമുണ്ട്. അദ്ദേഹം അവരോടെല്ലാം വിയോജിക്കും; അവരദ്ദേഹത്തോടും. എന്നാൽ അവരെല്ലാം അദ്ദേഹത്തെ ആദരിക്കുകയും അദ്ദേഹത്തിന്റെ ശ്രേഷ്ഠത അംഗീകരിക്കുകയും ചെയ്തിരുന്നു."

ആധുനിക സലഫീ പ്രസ്ഥാനത്തിന്റെ അനിഷേധ്യ നേതാവും ആത്മീയ പുരുഷനുമെന്ന് വിശേഷിപ്പിക്കാവുന്ന സുഊദി ഗ്രാന്റ് മുഫ്തിയായിരുന്ന ശൈഖ് അബ്ദുൽ അസീസുബ്നു ബാസിനെ അദ്ദേഹം സ്വന്തം 'ശൈഖ്' ആയി സ്വീകരിച്ചിരുന്നു. ചില പ്രശ്നങ്ങളിൽ- വിശിഷ്യാ സ്ത്രീ വിഷയകമായി- ശൈഖ് ഖറദാവിയെ തിരസ്കരിച്ച് ശൈഖ് ഇബ്നുബാസിനെയായിരുന്നു അദ്ദേഹം പിന്തുടർന്നിരുന്നത്. അന്ധമായ അനുകാരിയല്ല സ്വതന്ത്ര ബുദ്ധിയുടെ ഉടമയായിരുന്നു അബൂബദ്ർ. സ്ത്രീ വിഷയകമായി മൗലാനാ മൗദൂദിയുടെയും ശൈഖ് ഇബ്നുബാസിന്റെയും അനുഗാമിയായിരുന്നു അദ്ദേഹം. ശൈഖ് ഖറദാവിയും അദ്ദേഹവും തമ്മിൽ *അൽ മുജ്തമഇന്റെ* താളുകളിലൂടെ ആ വിഷയകമായി ചൂടുപിടിച്ച സംവാദങ്ങൾ നടന്നിരുന്നു.

## ഫലസ്ത്വീൻ- മസ്ജിദുൽ അഖ്സ്വാ

ഫലസ്ത്വീനും അൽ അഖ്സ്വായും അബൂബദ്റിന്റെ സവിശേഷ ശ്രദ്ധാവിഷയങ്ങളായിരുന്നു. വ്യക്തമായ ഇസ്‌ലാമിക കാഴ്ചപ്പാട് ഈ വിഷയങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്നു. ഫലസ്ത്വീനികളുടെയോ അറബികളുടെയോ മാത്രം പ്രശ്നമല്ല, അവ ലോക മുസ്‌ലിം പ്രശ്നമാണ്. അൽ അഖ്സ്വായുടെ വിമോചനത്തിന് കഴിയുന്നതെന്തും ചെയ്യാൻ ഓരോ മുസ്‌ലിമും ബാധ്യസ്ഥനാണ്. ഇസ്‌ലാമിനെ പൂർണാർഥത്തിൽ അംഗീകരിക്കുകയും പ്രയോഗത്തിൽ അനുഷ്ഠിക്കുകയും ചെയ്യുന്ന ഒരു നല്ല വിഭാഗത്തിന്റെ കൈകളിലൂടെ മാത്രമേ ഫലസ്ത്വീൻ- അഖ്സ്വാ വിമോചനം സാധ്യമാവൂ.

അറബ്‌ലോകത്ത് ആധിപത്യം നേടാനുള്ള ആഗോള സയണിസത്തിന്റെ ഗൂഢപദ്ധതികളെക്കുറിച്ച് അദ്ദേഹം നിരന്തരം മുന്നറിയിപ്പ് നൽകി. അവർക്കെതിരെ ഒറ്റക്കെട്ടായി പൊരുതേണ്ടതിന്റെ ആവശ്യകത അദ്ദേഹം സമുദായത്തെ ബോധ്യപ്പെടുത്തിക്കൊണ്ടിരുന്നു. *അൽ മുജ്തമഅ്* വാരികയിൽ സന്ദർഭോചിതം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. 1967-ലെ ദുരന്തത്തിൽ അഖ്സ്വാ ജൂതാധിപത്യത്തിലാവും വരെ അദ്ദേഹം തന്റെ വേനൽ ഒഴിവു കാലം ചെലവഴിച്ചിരുന്നത് ഖുദ്സിലായിരുന്നു. അഖ്സ്വാ വിമോചിതമായി, ഫലസ്ത്വീനിൽ സ്വാതന്ത്ര്യക്കൊടി പാറുമ്പോൾ അത് സന്ദർശിക്കാനവസരം നൽകണമേ എന്നായിരുന്നു മനംനൊന്തുള്ള അദ്ദേഹത്തിന്റെ പ്രാർഥന. ഫലസ്ത്വീൻ ഇസ്‌ലാമിക വിമോചന പ്രസ്ഥാനമായ ഹമാസിന്റെ സ്ഥാപക നേതാവും ആത്മീയ പുരുഷനുമായിരുന്ന ശൈഖ് അഹ്മദ് യാസീനെ സന്ദർശിച്ച് ചർച്ചകൾ നടത്താനും അദ്ദേഹം അവസരം കണ്ടെത്തി.

സമുദായ പരിഷ്കരണത്തിനും നവോത്ഥാനത്തിനുമായി നിലവിൽവന്ന പല ലോക മുസ്‌ലിം സംഘടനകളുടെയും സ്ഥാപനങ്ങളുടെയും അംഗമോ സ്ഥാപക നേതാവോ ആയിരുന്നു അബൂബദ്ർ. 1965-ൽ ഫൈസൽ രാജാവ് മക്കയിൽ സംഘടിപ്പിച്ച സോളിഡാരിറ്റി കോൺഫറൻസിൽ അദ്ദേഹം പങ്കെടുക്കുകയുണ്ടായി. മക്ക ആസ്ഥാനമാക്കിയുള്ള മുസ്‌ലിം വേൾഡ് ലീഗിന്റെ സ്ഥാപകാംഗമായിരുന്നു അദ്ദേഹം. 1975-ൽ മക്കയിൽ സമ്മേളിച്ച പള്ളികളുടെ ആഗോള സുപ്രീം കൗൺസിൽ യോഗത്തിലും അദ്ദേഹം സംബന്ധിച്ചു- അതിന്റെ സ്ഥാപകാംഗമായി (ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മുൻ അമീർ മുഹമ്മദ് യൂസുഫ് സാഹിബും സഹയാത്രികനായി ഈ ലേഖകനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അമീറെ ജമാഅത്ത് കൗൺസിലിൽ സ്ഥിരാംഗമായിരുന്നു). കുവൈത്ത് ആസ്ഥാനമായ ഇന്റർനാഷ്നൽ ഇസ്‌ലാമിക് ചാരിറ്റബ്ൾ ഓർഗനൈസേഷനെ സംബന്ധിച്ചേടത്തോളം അതിന്റെ നട്ടെല്ലായിരുന്നു അബൂബദ്ർ. ശൈഖ് അബ്ദുൽ മജീദ് സന്താനിയുടെ നേതൃത്വത്തിൽ സ്ഥാപിതമായ യമനിലെ ജാമിഅത്തുൽ ഈമാനിന്റെ രക്ഷാധികാരിയുമായിരുന്നു അദ്ദേഹം.

## യുവജനപ്രസ്ഥാനങ്ങൾ

യുവജനങ്ങൾക്ക് ആവേശവും കർമചൈതന്യവും പകരാൻ എന്നും അബൂബദ്ർ മുൻപന്തിയിലുണ്ടാവും. ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക യുവജന പ്രസ്ഥാനങ്ങളുടെ നേതാക്കളിലൊരാളായ ഡോ. അഹ്മദ് തൂതൻജി അബൂബദ്റിനെ ആകർഷിച്ച ഒരു വ്യക്തിത്വമാണ്. 1970-ൽ തൂതൻജിയുടെ സ്വീകരണാർഥം സ്വന്തം വീട്ടിൽ ഏർപ്പെടുത്തിയ വിരുന്നിൽ അദ്ദേഹം പറഞ്ഞു: "നമ്മുടെ യുവ നേതാക്കളെ നാം ആദരിക്കേണ്ടതുണ്ട്- നാം ചെയ്തതിനേക്കാൾ കൂടുതൽ നന്മ ചെയ്യാൻ അവർ പ്രാപ്തരായേക്കാം." മുസ്‌ലിം വിദ്യാർഥി സംഘടനകളുടെ ലോക വേദിയായ ഇന്റർനാഷ്നൽ ഫെഡറേഷൻ ഓഫ് മുസ്‌ലിം സ്റ്റുഡന്റ്സ് ഓർഗനൈസേഷൻസി(IIFSO)ന്റെ സംസ്ഥാപനത്തിനു വേണ്ടി വീറോടെ പ്രവർത്തിക്കാൻ അബൂബദ്റിന്റെ പ്രേരണയും പ്രോത്സാഹനവും സഹായകമായി എന്ന് ഡോ. തൂതൻജി ഈയിടെ അനുസ്മരിക്കുകയുണ്ടായി (*Islamic Horizons* Nov-Dec 2006). നോർത്ത് അമേരിക്കയിലെ വിദ്യാർഥി യുവജന പ്രസ്ഥാനത്തെ അദ്ദേഹം സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു എന്ന് തൂതൻജി എടുത്തു പറയുന്നു. യൂറോപ്പിലെയും ഏഷ്യയിലെയും ആഫ്രിക്കയിലെയും യുവജന വിദ്യാർഥി സംഘടനകൾക്കും അബൂബദ്ർ താങ്ങും തണലുമായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു: "ഭാവിയെക്കുറിച്ച് ഞാൻ ശുഭാപ്തി വിശ്വാസിയാണ്. യുവജനങ്ങളാണ് പ്രതീക്ഷ."

(അടുത്ത ലക്കത്തിൽ അവസാനിക്കും)